"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം കാപ്പ് എൻ.എസ്.എസ്. എൽ.പി.എസ് ലെ എൽ.പി.എസ്.ടി ശ്രീ.ബൈജു തോമസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No.15263/2021 മേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2593/2025/GEDN തീയതി,തിരുവനന്തപുരം, 10-04-2025

പരാമർശം:-
1) WP(C) 15263/2021 നമ്പർ കേസിലെ 26.03.2024 ലെ പൊതുവിധിന്യായം.
2) എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.06.2024 ലെ ഡി.ഇ.ഒ.ഇ.കെ.എം./3224/2023-ബി5 നമ്പർ കത്ത്.
3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.6.2024 ലെ ഡി.ജി.ഇ/18468/2023-ഇ2 നമ്പർ കത്ത്.

**ഉത്തരവ്**

എയ്ഡഡ് സ്കൂളുകളിൽ അധ്യാപകനായി ജോലി ചെയ്തു വരവെ സ്കൂൾ അടച്ചു പൂട്ടിയതിനെ തുടർന്ന് പുനർവിന്യസിച്ച എറണാകുളം ജില്ലയിലെ മടക്കത്താനം കാപ്പ് എൻ.എസ്.എസ്. എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി ശ്രീ. ബൈജു തോമസ് തന്നെ സർക്കാർ സർവ്വീസിലേക്ക് ആഗിരണം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതി മുമ്പാകെ WP(C) No.15263/2021 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി, ഹർജിക്കാരന് ഹിയറിംഗിന് അവസരം നൽകി വിധിപ്പകർപ്പ് ലഭിച്ച് നാലു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 16.12.2004 ലെ സ.ഉ (കൈ) നം.379/2004/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ സർവ്വീസിലേക്ക് ആഗിരണം ചെയ്യണമെന്നുള്ള കുറച്ച് അധ്യാപകരുടെ ആവശ്യം പരിഗണിച്ചിട്ടുള്ള സാഹചര്യത്തിൽ, ഹർജിക്കാരന്റെയും ആവശ്യം പരിഗണിക്കണമെന്ന് ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"താൻ 01/06/1999 മുതൽ മട്ടാഞ്ചേരി AMALP സ്കൂളിൽ LPSA ആയി ജോലി ചെയ്തു വരികെ പ്രസ്തുത സ്കൂൾ അൺ എക്കണോമിക് ആയതിനാൽ 30/04/2002 മുതൽ നിർത്തലാക്കിയിരുന്നു. സ്കൂൾ നിർത്തലാക്കിയതുമൂലം വിവിധ സർക്കാർ/ എയ്ഡഡ് സ്കൂളിൽ സംരക്ഷിതാധ്യാപകരായി പുനർ വിന്യസിക്കുന്നതിന്റെ ഭാഗമായി 26/02/2005 മുതൽ തന്നെ വ്യത്യസ്ത സ്കൂളുകളിൽ മാറ്റി നിയമിക്കുകയായിരുന്നു. ഇപ്പോൾ താൻ കാപ്പ് എൻ.എസ്.എൽ.പി.സ്കൂളിൽ ജോലി ചെയ്തുവരുന്നു. 19 വർഷത്തിൽ 14 സ്ഥലംമാറ്റമാണ് തനിക്ക് കിട്ടിയത്. കൂടാതെ സർക്കാർ സർവ്വീസിൽ ആഗിരണം ചെയ്യാതെ വ്യത്യസ്ത സ്കൂളുകളിൽ മാറ്റി

നിയമിക്കുന്നതുമൂലം സർവ്വീസ് കാര്യങ്ങളിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. സർവ്വീസ് വെരിഫിക്കേഷൻ അതാത് മാനേജ്മെന്റിൽ നിന്നും ലഭിക്കുന്നതിനും, സർവ്വീസ് സംബന്ധമായ കാര്യങ്ങളുമായി വരുന്ന ബുദ്ധിമുട്ടുകളും, പുതിയ സ്കൂളുകളിലെ വേർതിരിവുകളും കാരണത്താൽ മന:സമാധാനമായി ജോലി ചെയ്യാൻ കഴിയാതെ വരുന്ന അവസ്ഥയാണ് ഉണ്ടാകുന്നത്. കൂടാതെ പ്രൊമോഷനും അർഹതയില്ലാതാകുന്നു. ഇങ്ങനെ ദുരിതം അനുഭവിക്കുന്ന അധ്യാപകരെ സർക്കാർ സർവ്വീസിൽ ആഗിരണം ചെയ്യുന്നതിന് ഗവ. പല ഡാറ്റകളും (നമ്പർ H2/1331/2015/DPI dt. 26/02/2019) ശേഖരിച്ചുവെങ്കിലും നാളിതുവരെയായിട്ടും സർക്കാർ സർവ്വീസിലേക്ക് ആഗിരണം ചെയ്തിട്ടില്ല. 01/05/2002 മുതൽ 25/02/2005 വരെ പുറത്തുനിന്ന കാലയളവ് ശൂന്യവേതന അവധിയായി അനുവദിച്ച് കിട്ടിയിട്ടുണ്ട്. GO.(M.S)No.379/2004/GEdn. dated 16/12/2004 എന്ന ഉത്തരവിൻ പ്രകാരം നിയമിച്ച ഉത്തരവിൽ പുനർവിന്യസിച്ച് 5 വർഷം കഴിയുമ്പോൾ ഗവ. സ്കൂളിലേക്ക് ആഗിരണം ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. Judgment dated 14/11/2011 in WP(C) No. 21655/2007 എന്ന കോടതി ഉത്തരവിൻപ്രകാരം പുറപ്പെടുവിച്ച G.O. (Rt)No. 5960/2012/G/Edn. dated 12/12/2012 ഉത്തരവിൽ, പൂട്ടിപ്പോയ സ്കൂളിലെ അധ്യാപകരെ ഗവൺമെന്റ് സ്കൂളിലേക്ക് ആഗിരണം ചെയ്തിട്ടുണ്ട്. ആയതിനാൽ ദയവുണ്ടായി തന്നെ ഗവ. സ്കൂളിലേക്ക് ആഗിരണം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം."

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം,

(i) എറണാകുളം ജില്ലയിൽ മട്ടാഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന കൊച്ചങ്ങാടി എ.എം.എ എൽ.പി.എസ് ൽ ഹർജിക്കാരനായ ശ്രീ ബൈജു തോമസ് 01/06/1999 മുതൽ എൽ.പി.എസ്.ടി തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ, തുടർച്ചയായി കുറെ വർഷങ്ങളായി ടി സ്കൂളിൽ വിദ്യാർത്ഥികളുടെ മിനിമം അംഗബലം പാലിക്കുന്നതിൽ മാനേജർ വീഴ്ച വരുത്തിയെന്ന കാരണത്താൽ, 30.04.2002 ലെ സ.ഉ.(കൈ) നം. 88/2002/പൊ.വി.വ പ്രകാരം ടി സ്കൂൾ അടച്ചു പൂട്ടാൻ ഉത്തരവായി. പിന്നീട് സഹതാപാർഹ പരിഗണനയിൽ സംരക്ഷണാനുകൂല്യം നൽകി ശ്രീ.ബൈജു തോമസിനെ മറ്റൊരു എയ്ഡഡ് സ്കൂളിലേയ്ക്ക് പുനർവിന്യസിച്ചു. 10.10.2002 ലെ സ.ഉ.(കൈ)നം.302/2002/പൊ.വി.വ പ്രകാരം വ്യക്തിഗത മാനേജ്മെന്റിന് കീഴിലുള്ള പൂട്ടിപ്പോയ സ്കൂളുകളിലെ അഞ്ച് വർഷത്തിലധികം സേവന ദൈർഘ്യമുള്ള അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള ഒഴിവുകളിൽ പൂർണ്ണമായും താത്ക്കാലികാടിസ്ഥാനത്തിൽ മാത്രം നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടായിരുന്നു. പിന്നീട് 16.12.2004 ലെ സ.ഉ.(കൈ)നം. 379/2004/പൊ.വി.വ പ്രകാരം വ്യക്തിഗത മാനേജ്മെന്റിന് കീഴിലുള്ള പൂട്ടിപ്പോയ അനാദായകരമായ സ്കൂളുകളിലെ രണ്ട് വർഷത്തിലധികം സേവന ദൈർഘ്യമുള്ളതും, അഞ്ച് വർഷം പൂർത്തിയാക്കാത്തതുമായ ജീവനക്കാരെ താത്കാലിക അടിസ്ഥാനത്തിൽ സംരക്ഷിത അദ്ധ്യാപകരെന്ന പരിഗണനയിൽ സർക്കാർ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള ഒഴിവുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനും പിന്നീട് അതൊരു പ്രത്യേക കേസായി പരിഗണിച്ച് അവരെ സർക്കാർ സർവ്വീസിലേയ്ക്ക് ആഗിരണം ചെയ്യുന്നതിനും ഉത്തരവായിരുന്നു.

(ii) പ്രസ്തുത ഉത്തരവ് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നതിനാലും, ആയത് നിയമവിരുദ്ധമായ രീതിയിൽ സർക്കാർ സർവ്വീസിലേക്കുള്ള പ്രവേശനത്തിന് വഴി തെളിക്കുമെന്നതിനാലും, 03/04/2007 ലെ സ.ഉ.(കൈ) നം. 76/2007/പൊ.വി.വ പ്രകാരം ഉടൻ പ്രാബല്യത്തിൽ 16.12.2004 ലെ സ.ഉ.(കൈ) നം.379/2004/പൊ.വി.വ റദ്ദ് ചെയ്ത് ഉത്തരവായി.

പ്രസ്തുത സാഹചര്യത്തിൽ അടച്ചു പൂട്ടിയ അനാദായകരമായ സ്കൂളുകളിലേയും, മാനേജ്മെന്റ് തർക്കം മൂലം കോടതി ഉത്തരവ് പ്രകാരം അടച്ചു പൂട്ടിയ സ്കൂളുകളിലേയും അദ്ധ്യാപകർക്ക് സംരക്ഷണമോ, സർക്കാർ സർവ്വീസിലേയ്ക്ക് ആഗിരണമോ നൽകേണ്ടതില്ലെന്നും, സേവന ദൈർഘ്യം പരിഗണിക്കാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിലേയ്ക്കായി 01/09/1965 ലെ സ.ഉ.(എം.എസ്) 485/65/പൊ.വി.വ പ്രകാരമുള്ള വയസ്സിളവ് അനുവദിക്കുന്നതിനും 03/04/2007 ലെ സ.ഉ.(കൈ) നം.76/2007/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

(iii) പരാതിക്കാരനായ ശ്രീ.ബൈജു തോമസിനെ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24/02/2005 ലെ എ1/31581/2004 നമ്പർ ഉത്തരവ് പ്രകാരം ഏഴിക്കര ജി.എൽ.പി.എസിലേയ്ക്ക് പുനർവിന്യസിച്ച് നൽകുകയും, ടിയാൻ 26/02/2005 മുതൽ ടി സ്കൂളിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ ഒഴിവിന്റെ ലഭ്യത അനുസരിച്ച് താത്ക്കാലികമായാണ് പ്രസ്തുത പുനർവിന്യാസ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. പി.എസ്.സി മുഖേന നിയമനം ലഭിച്ച അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുകയോ, ദീർഘകാല അവധിയിൽ പ്രവേശിച്ചിരുന്ന അദ്ധ്യാപകർ തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്യുമ്പോൾ ടി അദ്ധ്യാപകനെ പ്രസ്തുത സ്കൂളിൽ നിന്ന് മാറ്റി നിയമിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതാണ്. ഇത്തരത്തിൽ ഹർജിക്കാരൻ ഉൾപ്പെടെ അടച്ചു പൂട്ടിയ സ്കൂളുകളിലെ ജീവനക്കാരുടെ ഉപജീവന മാർഗ്ഗം സംരക്ഷിക്കുന്നതിലേയ്ക്കായാണ് സർക്കാർ സംരക്ഷണാനുകൂല്യം അനുവദിച്ച് നൽകിയത്. 08.03.2019 ലെ ജെ2/57/2019/ പൊ.വി.വ സർക്കാർ പരിപത്രത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ടി അദ്ധ്യാപകന് കാപ്പ് എൻ.എസ്.എസ് എൽ.പി.എസ് മാനേജരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 19.10.2019 ലെ ബി5/16132/2019 നമ്പർ ഉത്തരവ് പ്രകാരം ടി സ്കൂളിലെ അധിക ഡിവിഷൻ തസ്തികയിൽ സ്ഥിര പുനർവിന്യാസം ലഭിച്ചിട്ടുള്ളതാണ്.

(iv) എയ്ഡഡ് സ്കൂൾ മാനേജരാൽ നിയമിക്കുകയും, പിന്നീട് സ്കൂളിലെ അംഗീകാരം പിൻവലിച്ചതിനെ തുടർന്ന് സർവ്വീസിൽ നിന്ന് പിരിച്ച് വിടപ്പെടുകയും ചെയ്ത അദ്ധ്യാപകരുടെ സേവനം സംരക്ഷിക്കുന്നതിന് സർക്കാരിന് യാതൊരു ബാധ്യതയുമില്ലെന്ന വിവരം അറിയിക്കുന്നു. നിലവിൽ ശ്രീ.ബൈജു തോമസിന് സ്ഥിര പുനർവിന്യാസം നൽകി നിയമിച്ചിട്ടുള്ളതിനാൽ ടിയാന് അർഹമായ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ലഭിച്ചു വരുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ടിയാനെ സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്താൻ കഴിയില്ലായെന്ന് സൂചിപ്പിച്ച് 01/03/2021 ലെ സ.ഉ (സാധാ) നം. 2039/2021/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെയാണ് ടിയാൻ റിട്ട് ഹർജി (സി) നമ്പർ. 15263/2021 ഫയൽ ചെയ്തിട്ടുള്ളത്. 16/12/2004 ലെ സ.ഉ.(കൈ) നം.379/2004/പൊ.വി.വ യിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ സർവ്വീസിലേയ്ക്ക് ആഗിരണം ചെയ്യണമെന്നുള്ള കുറച്ച് അദ്ധ്യാപകരുടെ ആവശ്യം പരിഗണിച്ചിട്ടുള്ള സാഹചര്യത്തിൽ, ഹർജിക്കാരന്റെയും ആവശ്യം പരിഗണിക്കാൻ നിർദ്ദേശിച്ചാണ് ബഹുമാനപ്പെട്ട ഹൈക്കോടതി 26/03/2024-ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്.

(v) ഹർജിക്കാരനായ ശ്രീ ബൈജു തോമസിന് മൂന്ന് വർഷത്തിൽ താഴെ മാത്രം സർവ്വീസുള്ളപ്പോൾ സ്കൂൾ പൂട്ടിപ്പോയതിനെ തുടർന്ന് സംരക്ഷണം നൽകി പുനർവിന്യസിച്ചിട്ടുള്ള സാഹചര്യത്തിൽ, സർക്കാർ സർവ്വീസിലേയ്ക്ക് ആഗിരണം ചെയ്യണമെന്നുള്ള ആവശ്യം പരിഗണിക്കേണ്ടതില്ല. സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ പിന്നീട്

ആയതിൽ അപാകത കണ്ടെത്തുമ്പോൾ പിൻവലിക്കുന്ന നിരവധി ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. ഇത്തരത്തിൽ മുമ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സെറ്റിൽ ചെയ്ത കേസുകൾ പുന:പരിശോധിക്കേണ്ട എന്നും പിന്നീട് വരുന്ന കേസുകൾക്ക് ഈ ഉത്തരവുകൾ ബാധകമാക്കാറുമുണ്ട്. ആയതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുമെന്നതിനാലും, പി.എസ്.സി മുഖേന ജോലിക്ക് ശ്രമിക്കുന്നവരുടെ അവസരം നിഷേധിക്കപ്പെടും എന്നതിനാലും, ചട്ടവിരുദ്ധമായി കണ്ടതിനെ തുടർന്ന് 16/12/2004 ലെ സ.ഉ.(കൈ) നം.379/2004/പൊ.വി.വ പിൻവലിച്ചിട്ടുള്ളതിനാലും, ഹർജിക്കാരനായ ശ്രീ.ബൈജു തോമസിനെ സർക്കാർ സർവ്വീസിലേക്ക് ആഗിരണം ചെയ്യണമെന്നുള്ള ആവശ്യം പരിഗണിക്കേണ്ടതില്ല.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. കാപ്പ് എൻ.എസ്.എസ്.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീ.ബൈജു തോമസ് തന്നെ സർക്കാർ സർവ്വീസിലേക്ക് ആഗിരണം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിവേദനം സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.13680/2020 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിലെ വിധിന്യായം പാലിച്ചു കൊണ്ട് പുറപ്പെടുവിച്ച 01/03/2021 ലെ സ.ഉ.(സാധാ)നം.2039/2021/പൊ.വി.വ ഉത്തരവിൽ, 03/04/2007 ലെ സ.ഉ.(എം.എസ്)76/2007/പൊ.വി.വ പ്രകാരം 16/12/2004 ലെ സ.ഉ(കൈ) നം.379/2004/പൊ.വി.വ ഉത്തരവ് റദ്ദാക്കിയ സാഹചര്യത്തിൽ, ടിയാന്റെ ആവശ്യം നിരസിച്ചിരുന്നു. ടി ഉത്തരവിനെതിരെയാണ് ശ്രീ.ബൈജു തോമസ് ബഹു. ഹൈക്കോടതിയിൽ WP(C) No.15263/2021 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളത്. 16/12/2004 ലെ സ.ഉ(കൈ)നം.379/2004/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ സർവ്വീസിലേക്ക് ആഗിരണം ചെയ്യണമെന്നുള്ള കുറച്ച് അധ്യാപകരുടെ ആവശ്യം പരിഗണിച്ചിട്ടുള്ള സാഹചര്യത്തിൽ, ഹർജിക്കാരന്റെ ആവശ്യം പരിഗണിക്കണമെന്ന് പരാമർശം (1) വിധിന്യായത്തിൽ ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

5. കൊച്ചങ്ങാടി എ.എം.എ എൽ.പി.എസ് ൽ തുടർച്ചയായി കുറെ വർഷങ്ങളായി ടി സ്കൂളിൽ വിദ്യാർത്ഥികളുടെ മിനിമം അംഗബലം പാലിക്കുന്നതിൽ മാനേജർ വീഴ്ച വരുത്തിയെന്ന കാരണത്താൽ, 30.04.2002 ലെ സ.ഉ.(കൈ) നം. 88/2002/പൊ.വി.വ പ്രകാരം ടി സ്കൂൾ അടച്ചു പൂട്ടുന്നതിന് ഉത്തരവായിരുന്നു. 01.06.1999 ൽ ടി സ്കൂളിൽ ജോലിയിൽ പ്രവേശിച്ച ഹർജിക്കാരനായ ശ്രീ.ബൈജു തോമസിന് സംരക്ഷണാനുകൂല്യം നൽകി മറ്റൊരു എയ്ഡഡ് സ്കൂളിലേയ്ക്ക് പുനർവിന്യസിക്കുകയുണ്ടായി. 10.10.2002 ലെ സ.ഉ.(കൈ)നം.302/2002/പൊ.വി.വ പ്രകാരം, വ്യക്തിഗത മാനേജ്മെന്റിന് കീഴിലുള്ള പൂട്ടിപ്പോയ സ്കൂളുകളിലെ അഞ്ച് വർഷത്തിലധികം സേവന ദൈർഘ്യമുള്ള അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള ഒഴിവുകളിൽ പൂർണ്ണമായും താത്ക്കാലികാടിസ്ഥാനത്തിൽ മാത്രം നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടായിരുന്നു. പിന്നീട് 16.12.2004 ലെ സ.ഉ.(കൈ)നം. 379/2004/പൊ.വി.വ പ്രകാരം വ്യക്തിഗത മാനേജ്മെന്റിന് കീഴിലുള്ള പൂട്ടിപ്പോയ അനാദായകരമായ സ്കൂളുകളിലെ രണ്ട് വർഷത്തിലധികം സേവന ദൈർഘ്യമുള്ളതും, അഞ്ച് വർഷം പൂർത്തിയാക്കാത്തതുമായ ജീവനക്കാരെ താത്കാലിക അടിസ്ഥാനത്തിൽ സംരക്ഷിത അദ്ധ്യാപകരെന്ന പരിഗണനയിൽ സർക്കാർ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള ഒഴിവുകളിലേയ്ക്ക്

പുനർവിന്യസിക്കുന്നതിനും പിന്നീട് അതൊരു പ്രത്യേക കേസായി പരിഗണിച്ച് അവരെ സർക്കാർ സർവ്വീസിലേയ്ക്ക് ആഗിരണം ചെയ്യുന്നതിനും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നതിനാലും, ആയത് നിയമവിരുദ്ധമായ രീതിയിൽ സർക്കാർ സർവ്വീസിലേക്കുള്ള പ്രവേശനത്തിന് വഴി തെളിക്കുമെന്നതിനാലും, 03/04/2007 ലെ സ.ഉ.(കൈ) നം.76/2007/പൊ.വി.വ പ്രകാരം ഉടൻ പ്രാബല്യത്തിൽ 16.12.2004 ലെ സ.ഉ.(കൈ) നം.379/2004/പൊ.വി.വ റദ്ദ് ചെയ്ത് ഉത്തരവായി. ഇപ്രകാരം റദ്ദ് ചെയ്യപ്പെട്ട സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിലേയ്ക്ക് ആഗിരണം ചെയ്യണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം.

5. സർക്കാർ സ്കൂളുകളിൽ പി.എസ്.സി മുഖേനയാണ് നിയമനം നടത്തേണ്ടത്. പൂട്ടിപ്പോയ എയ്ഡഡ് സ്കൂൾ അധ്യാപകരെ പുനർവിന്യസിക്കുന്നതിനു എടുത്ത തീരുമാനം, സർക്കാർ സ്കൂളുകളിലെ നിയമനരീതിയെ മറികടന്നു കൊണ്ട്, അവരെ സർക്കാർ സർവ്വീസിൽ സ്ഥിരമായി അബ്സോർബ് ചെയ്യുമെന്നു തീരുമാനിച്ചതോടെ അത് ചട്ടവിരുദ്ധമാണെന്നും റാങ്ക് ലിസ്റ്റിലുള്ളവരെ ബാധിക്കുന്ന വിഷയമായതിനാൽ ശക്തമായ എതിർപ്പുകൾ ഉണ്ടായ സാഹചര്യത്തിലുമാണ് സർക്കാർ തീരുമാനം മാറ്റിയത്. ശ്രീ.ബൈജു തോമസ് ഉൾപ്പെട്ട ലിസ്റ്റിൽ തന്നെ 95 അധ്യാപകരുൾപ്പെട്ടിരുന്നു. ടി ലിസ്റ്റിൽ നിന്നും ഇനിയും സർക്കാർ സർവ്വീസിലേക്ക് ആഗിരണം ചെയ്യാനുള്ളവരെ അപ്രകാരം ചെയ്യുന്നത് പി.എസ്.സി പരീക്ഷ ജയിച്ച് നിയമനം കാത്തു നിൽക്കുന്ന റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരോടുള്ള നീതിനിഷേധമായതിനാൽ പൂട്ടിപ്പോയ സ്കൂളുകളിലെ ജീവനക്കാരെ ആരെയും തന്നെ സ്ഥിരമായി സർക്കാർ സ്കൂളുകളിലേക്ക് ആഗിരണം ചെയ്യാനാവില്ല. പൂട്ടിപ്പോയ സ്കൂളുകളിലെ ജീവനക്കാരെന്ന നിലയ്ക്ക് വിവിധ എയ്ഡഡ് സ്കൂളുകളിൽ മാറ്റി മാറ്റി നിയമിക്കാതെ കെ.ഇ.ആർ അധ്യായം XXI ചട്ടം 7 പ്രകാരം സ്ഥിരമായി സംരക്ഷിതാധ്യാപകരെ വിന്യസിക്കാൻ സാധിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ അവരുടെ റിട്ടയർമെന്റ് വരെ നിലനിർത്താവുന്നതാണ്.

7. മേൽ സാഹചര്യത്തിൽ, അനാദായകരമായ സ്കൂൾ അടച്ചു പൂട്ടിയതിനെ തുടർന്ന് പുനർവിന്യസിച്ച എൽ.പി.എസ്.റ്റി. ശ്രീ.ബൈജു തോമസിനെ സർക്കാർ സർവ്വീസിലേക്ക് ആഗിരണം ചെയ്യണമെന്ന ടിയാന്റെ ആവശ്യം നിരസിച്ചും, പൂട്ടിപ്പോയ സ്കൂളിലെ ജീവനക്കാരനെന്ന നിലയ്ക്ക് വിവിധ എയ്ഡഡ് സ്കൂളുകളിൽ മാറ്റി നിയമിക്കുന്ന സാഹചര്യം ഒഴിവാക്കി കെ.ഇ.ആർ അധ്യായം XXI ചട്ടം 7 പ്രകാരം സ്ഥിരമായി സംരക്ഷിതാധ്യാപകരെ വിന്യസിക്കാൻ സാധിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ കഴിവതും അവരുടെ റിട്ടയർമെന്റ് വരെ നിലനിർത്താൻ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയും അപ്രകാരം പരാമർശം (1) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം.
ശ്രീ.ബൈജു തോമസ്, എൽ.പി.എസ്.ടി, എൻ.എസ്.എസ്. എൽ.പി.എസ്,
കാപ്പ്, മടക്കത്താനം.പി.ഒ, കല്ലൂർക്കാട്, എറണാകുളം-686 670..

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 10-04-2025 12:02:23
സെക്ഷൻ ഓഫീസർ